(എഫ്) നാളിതുവരെയായി അംഗങ്ങൾക്ക് മൊത്തമായി 78,333 രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്. ക്ലെയിം തുക ലഭിച്ച ഭരണസമിതി അംഗങ്ങളുടെ വിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്†.

(ജി) വ്യവസ്ഥയില്ല.

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് വായ്പ

111 (2390) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടൻ വള്ളങ്ങളും വലയും വാങ്ങുന്നതിന് മത്സ്യഫെഡിൽ നിന്ന് വായ്പയും സബ്സിഡിയും നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ലോണിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി നൽകുന്നതെന്ന് പറയുമോ ; ഈ വർഷം പ്രസ്തുത ഇനങ്ങളിൽ എന്തുതുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വായ്പ തുകയുടെ 22.5% സബ്സിഡിയായി നൽകുന്നു. ഈ വർഷം നാടൻ വള്ളങ്ങളും വലകളും ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പത്തുകോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മത്സ്യഫെഡിന് നൽകുന്ന സാമ്പത്തിക സഹായം

112 (2391) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് മത്സ്യഫെഡിന് സാമ്പത്തിക സഹായം നൽകാറുണ്ടോ ;

(ബി) എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയാണോ പ്രസ്തുത തുക കൊടുക്കുന്നത് ;

(സി) എങ്കിൽ തുകയുടെ വിനിയോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ മത്സ്യഫെഡ് ഗവൺമെന്റിന് നൽകാറുണ്ടോ ;

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly